No. CEE/1150/PGN/2019/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എം.എസ്.സി. നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം– 2019
## കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ
## വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

**2019–20** അധ്യയന വർഷത്തെ എം.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനുള്ള കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ **10.08.2019** (ശനിയാഴ്ച) നടക്കും. കേരളത്തിലെ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, ആറ്റിങ്ങൽ തിരുവനന്തപുരം, രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, എറണാകുളം, ഗവ.കോളേജ് ഓഫ് എഞ്ചിനീയറിംഗ് കണ്ണൂർ എന്നിവയായിരിക്കും പരീക്ഷാ കേന്ദ്രങ്ങൾ.

- വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിറ്റ് കാർഡുമായി പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- വിദ്യാർത്ഥികൾ പരീക്ഷാ ദിവസം രാവിലെ **09.45** ന് പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്
- **10.45**ന് റിപ്പോർട്ടിംഗ് അവസാനിച്ചു കഴിഞ്ഞാൽ കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയപെടുന്നതിനായി **'Mock Test'** നടത്തുന്നതായിരിക്കും.
- തുടർന്ന് കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷാ നടക്കും. രണ്ടു മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷ രാവിലെ **11.15** മുതൽ ഉച്ചയ്ക്ക് **01.15** വരെയായിരിക്കും.
- ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയ്ക്ക് **200** മൾട്ടിപ്പിൽ ചോയ്സ് ചോദ്യങ്ങളുണ്ടായിരിക്കും.
- റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന **'access card'** ൽ വിദ്യാർത്ഥികളുടെ സീറ്റ് നമ്പർ, യൂസർ നെയിം, പാസ്‌വേഡ് എന്നിവ അടങ്ങിയിരിക്കും.
- പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ (ആധാർ/വോട്ടർ ഐഡി/ഡ്രൈവിഗ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെങ്കിലും ) കൊണ്ടുവരേണ്ടതാണ്.
- കാൽക്കുലേറ്റർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ പ്രവേശന പരീക്ഷ അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികളെ പുറത്തുപോകാൻ അനുവദിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം
06 .08.2019

പ്രവേശന പരീക്ഷാ കമ്മീഷണർ